(ബി) ഈ ഭൂമിയിൽ നിന്നും 100 ഏക്കർ സ്ഥലം ഖാദർകുട്ടി, കുട്ടി ബീവിക്ക് കൈമാറിയിട്ടുണ്ടോ ;

(സി) കുട്ടി ബീവി സർവ്വെ നമ്പർ 88/1-എയിൽപ്പെട്ട 75 ഏക്കർ സ്ഥലത്തിനും സർവ്വെ നമ്പർ 88/1എ-3-ൽപ്പെട്ട 64 ഏക്കർ സ്ഥലത്തിനും ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വാങ്ങിയിരുന്നുവോ ;

(ഡി) കുട്ടി ബീവി മൊത്തം എത്ര ഏക്കർ സ്ഥലത്തിനാണ് ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ ;

(ഇ) എ. കെ. ഖാദർകുട്ടി 88/2 ബി-2 ൽപ്പെട്ട 60 ഏക്കർ സ്ഥലത്തിന് ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നുവോ ;

(എഫ്) കേരള വനം ദേശസാൽക്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം എ. കെ. ഖാദർകുട്ടി മാനന്തവാടി താലൂക്ക് ലാന്റ് ബോർഡിൽ സീലിംഗ് റിട്ടേൺ സമർപ്പിച്ചപ്പോൾ അദ്ദേഹം ഗവൺമെന്റിലേയ്ക്ക് സറണ്ടർ ചെയ്ത ഭൂമി നിബിഡവനമാണെന്ന് കാണിച്ചിരുന്നുവോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വാങ്ങിയിരുന്നു.

(ഡി) 139 ഏക്കർ സ്ഥലത്തിനാണ് വാങ്ങിയിട്ടുള്ളത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) സീലിംഗ് റിട്ടേണിൽ ഭൂമി സറണ്ടർ ചെയ്യാമെന്ന് സമ്മതിച്ചിട്ടില്ല. ടി കക്ഷിയുടെ പേരിലുള്ള മിച്ചഭൂമി കേസുകൾ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പുനർ വിചാരണയിലാണ്.

പേര്യ മരംമുറി സംബന്ധിച്ച അന്വേഷണം

79 (895) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. അച്ചുതൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേര്യ മരംമുറി സംബന്ധിച്ച് റവന്യൂ സെക്രട്ടറിയായിരുന്ന ജിജി തോംസൺ -ന്റെ അന്തിമ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചതെന്നാണ് ;

(ബി) ഈ റിപ്പോർട്ടനുസരിച്ച് പ്രസ്തുത മരംമുറിയിൽ ആർക്കെല്ലാം ഉത്തരവാദിത്വമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റിപ്പോർട്ടു കിട്ടിയശേഷം പ്രസ്തുത മരംമുറി ഇടപാടും മുറിച്ച മരം നിന്ന ഭൂമിയും സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) ഈ നടപടികൾ എന്തെല്ലാമാണ് ;

(ഇ) പേര്യ മരംമുറി സംബന്ധിച്ച റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) 20-6-2000-ൽ.

(ബി) ഈ വിഷയം കോടതിയുടെ പരിഗണനയിലാണ്.

(സി&ഡി) പേര്യ മരംമുറി കേസിൽ ഉൾപ്പെട്ട മരങ്ങൾ ഹൈക്കോടതിയുടെ 28-7-2000- ലെ ഉത്തരവുപ്രകാരം വനംവകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ 2000 ആഗസ്റ്റ് മാസത്തിൽ നീക്കംചെയ്തിട്ടുള്ളതായി പേര്യമരം മുറിയുമായി ബന്ധപ്പെട്ട പേര്യ വില്ലേജിലെ സർവേ നമ്പർ 88/1 എ3, 88/1എ4, 88/1എ1 -ൽപ്പെട്ട 139 ഏക്കർ സ്ഥലത്തിന് 9 ആളുകളുടെ പേരിലായി മാനന്തവാടി സ്പെഷ്യൽ തഹസീൽദാർ (എൽആർ) നൽകിയ 9 പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ വേണ്ട നിർദ്ദേശം കണ്ണൂർ അപ്പലേറ്റ് അതോറിറ്റിക്ക് 24-5-2000-ന് നൽകുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഈ വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ മേശപ്പുറത്തു വയ്ക്കാൻ നിർവാഹമില്ല.

മത്സ്യത്തൊഴിലാളി ക്ഷേമനിധി

80 (900) ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് വിഹിതം അടയ്ക്കേണ്ടുന്ന ഏതെങ്കിലും വിഭാഗത്തിൽ പെടുന്നവരുടെ കുടിശ്ശിക തുകയ്ക്ക് ഇളവ് നൽകുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപെടുന്ന എത്രപേർ അടയ്ക്കേണ്ട തുകയ്ക്കാണ് ഇളവ് നൽകുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുള്ളത് ;

(സി) ഒട്ടാകെ എന്തുതുക ഇപ്രകാരം എഴുതിതള്ളുകയോ ഇളവ് ചെയ്യുകയോ ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ആനുകൂല്യം ലഭിച്ച വിഭാഗത്തിൽപ്പെട്ടവർ ഇപ്പോൾ എന്തു തുകയുടെ കുടിശ്ശിക അടയ്ക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly